**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5208** **12-08-2021 - ൽ മറുപടിയ്ക്ക്**

**ജീവനക്കാരുടെ ബോണസും ഉത്സവ ബത്തയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ബോണസും ഉത്സവ ബത്തയും നൽകാൻ കഴിയാത്തതുപോലെയുള്ള സാമ്പത്തിക പ്രതിസന്ധി സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | കോവിഡ് മഹാമാരിയും തുടർന്നുള്ള ലോക്ക്ഡൗണും കാരണം അഭ്യന്തര ഉല്പാദനത്തിനുണ്ടായകുറവും ജി.എസ്.ടി നഷ്ടപരിഹാരം ഉൾപ്പെടെ കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കേണ്ട ആനുകൂല്യങ്ങളിൽ കാലതാമസം ഉണ്ടാകുന്നതും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ബോണസും ഉത്സവബത്തയും നൽകുന്ന വിഷയം സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് സർക്കാർ തീരുമാനിക്കുന്നതാണ്. |
| (ബി) | കോവിഡ് കാലത്ത് സേവന സന്നദ്ധരായി പ്രവർത്തിച്ച ആരോഗ്യവകുപ്പുൾപ്പെടെയുള്ള വിവിധ വകുപ്പുകളിലെ ജീവനക്കാർക്കും കുടുംബ പെൻഷൻകാർ ഉൾപ്പടെയുള്ള പെൻഷൻകാർക്കും ബോണസും ഉത്സവ ബത്തയും അനുവദിക്കണമെന്ന ആവശ്യം പരിഗണിക്കുമോ? | (ബി) | സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ബോണസും ഉത്സവബത്തയും അനുവദിക്കുന്ന കാര്യത്തിൽ നിലവിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ